കേരളസർവകലാശാല

നം.പി.ആർ.8/2021

# പത്രക്കുറിപ്പ്

## എം.ടെക് കമ്പ്യൂട്ടർ സയൻസ് സ്പോട്ട് അഡ്മിഷൻ

കേരളസർവകലാശാലയിലെ കമ്പ്യൂട്ടർ സയൻസ് പഠനവിഭാഗത്തിൽ എ.ഐ.സി.ടി.ഇ. അംഗീകാരമുള്ള എം.ടെക്. കമ്പ്യൂട്ടർ സയൻസിൽ (ഡിജിറ്റൽ ഇമേജ് പ്രോസസിംഗ് സ്പെഷ്യലൈസേഷൻ) ഏതാനും സീറ്റുകൾ ഒഴിവുണ്ട്. ബി.പി.എൽ., എസ്.സി., എസ്.ടി., സ്പോൺസേർഡ് എന്നീ വിഭാഗത്തിലുള്ള ഒഴിവുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. താൽപ്പര്യമുളളവർ ജനുവരി 13 ന് രാവിലെ 11 മണിക്ക് അസൽ സർട്ടിഫിക്കറ്റുകളുമായി കാര്യവട്ടം ക്യാമ്പസിലെ കമ്പ്യൂട്ടർ സയൻസ് വിഭാഗത്തിൽ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 8137806393 എന്ന നമ്പറിൽ ബന്ധപ്പെടുക.

## പുതുക്കിയ പരീക്ഷാത്തീയതി

ജനുവരി 14 ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകൾക്ക് അവധി ആയതിനാൽ അന്നേദിവസം നടത്താനിരുന്ന നാലാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം.സി.റ്റി.) പരീക്ഷ ജനുവരി 22 ലേക്ക് മാറ്റിവച്ചിരിക്കുന്നു.

## പരീക്ഷാകേന്ദ്രം

കേരളസർവകലാശാല ജനുവരി 19 ന് ആരംഭിക്കുന്ന അഞ്ചാം സെമസ്റ്റർ യൂണിറ്ററി എൽ.എൽ.ബി. പരീക്ഷകൾക്ക് ഗവ. ലോ കോളേജ്, തിരുവനന്തപുരം, കേരള ലോ അക്കാഡമി, ലോ കോളേജ്, സി.എസ്.ഐ. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലീഗൽ സ്റ്റഡീസ്, ചെറുവാരക്കോണം കൂടാതെ എൻ.എസ്.എസ്. ലോ കോളേജ്, കൊട്ടിയം, ഗുരു നിത്യചൈതന്യയതി കോളേജ് ഓഫ് ലോ, കായംകുളം, മാർ ഗ്രിഗോറിയസ് കോളേജ് ഓഫ് ലോ, തിരുവനന്തപുരം എന്നീ മൂന്ന് പരീക്ഷാകേന്ദ്രങ്ങൾ കൂടി അനുവദിച്ചിരിക്കുന്നു. പരീക്ഷാകേന്ദ്രം മാറി എഴുതാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രസ്തുത വിവരം അവരവരുടെ കോളേജ് പ്രിൻസിപ്പാൾമാരെ ജനുവരി 14 ന് മുൻപ് അിറയിക്കേണ്ടതാണ്.

കേരളസർവകലാശാല ജനുവരി 20 ന് ആരംഭിക്കുന്ന എം.എ./എം.എസ്.സി./എം.കോം. ഒന്നാം സെമസ്റ്റർ മേഴ്സിചാൻസ് പരീക്ഷയുടെ ഹാൾടിക്കറ്റുകൾ അതതു പരീക്ഷാകേന്ദ്രങ്ങളിൽ നിന്ന് കൈപ്പറ്റി, ജില്ലകളിൽ നിശ്ചയിക്കപ്പെട്ട കേന്ദ്രങ്ങളിൽ പരീക്ഷയ്ക്ക് ഹാജരാകണം. തിരുവനന്തപുരം ജില്ലയിലെ കോളേജുകൾ പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്ത വിദ്യാർത്ഥികൾ എം.ജി. കോളേജ്, തിരുവനന്തപുരത്തും, കൊല്ലം-പത്തനംതിട്ട ജില്ലകളിലെ വിദ്യാർത്ഥികൾ ടി.കെ.എം. ആർട്സ് ആന്റ് സയൻസ് കോളേജ്, കൊല്ലത്തും, ആലപ്പുഴ ജില്ലയിലെ വിദ്യാർത്ഥികൾ എസ്.ഡി. കോളേജ്, ആലപ്പുഴയിലും പരീക്ഷ എഴുതേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ

## പരീക്ഷാഫലം

കേരളസർവകലാശാല 2020 ജനുവരിയിൽ നടത്തിയ ഒന്നും രണ്ടും സെമസ്റ്റർ എം.എ. സോഷ്യോളജി (വിദൂര വിദ്യാഭ്യാസം - 2018 അഡ്മിഷൻ), സപ്ലിമെന്ററി (2017 അഡ്മിഷൻ) ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2020 സെപ്റ്റംബറിൽ നടത്തിയ നാലാം സെമസ്റ്റർ ബി.എ. ഓണേഴ്സ് ഡിഗ്രി പ്രോഗ്രാം ഇൻ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ (2018 അഡ്മിഷൻ – റെഗുലർ/2017 അഡ്മിഷൻ – ഇംപ്രൂവ്മെന്റ്/2015-2016 അഡ്മിഷൻ – സപ്ലിമെന്ററി) പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 25 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2019 സെപ്റ്റംബറിൽ നടത്തിയ ബി.കോം. ആന്വൽ സ്കീം പാർട്ട് ഒന്ന്, രണ്ടിന്റെ തടഞ്ഞുവച്ചിരുന്ന 141 വിദ്യാർത്ഥികളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

കേരളസർവകലാശാലയുടെ മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എ./ബി.എസ്.സി./ബി.കോം. ഡിഗ്രി (മേഴ്സിചാൻസ് – 2013 അഡ്മിഷൻ) പരീക്ഷകൾക്ക് പിഴകൂടാതെ ജനുവരി 15 വരെയും 150 രൂപ പിഴയോടെ ജനുവരി 20 വരെയും 400 രൂപ പിഴയോടെ ജനുവരി 22 വരെയും ഓൺലൈനായി അപേക്ഷിക്കാം. ഫീസിനു പുറമേ മേഴ്സിചാൻസിനുളള ഫീസും ഒടുക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാലയുടെ എട്ടാം സെമസ്റ്റർ ബി.ടെക്. പാർട്ട് ടൈം റീസ്ട്രക്ച്ചേർഡ് (2008 സ്കീം) സപ്ലിമെന്ററി പരീക്ഷയുടെ രജിസ്ട്രേഷൻ ആരംഭിച്ചു. പിഴകൂടാതെ ജനുവരി 21 വരെയും 150 രൂപ പിഴയോടെ ജനുവരി 27 വരെയും 400 രൂപ പിഴയോടെ ജനുവരി 29 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പിഎച്ച്.ഡി. നൽകി

ഗ്രിഗറി പോൾ കെ.ജെ. (മാനേജ്മെന്റ് സ്റ്റഡീസ്), രതീഷ് കെ. (തീയേറ്റർ ആർട്സ് ആന്റ് ഫിലിം ഏസ്തറ്റിക്സ് ഫോർ എഡ്യൂക്കേഷൻ), ജെ.ആർ.റാണി (കമ്പ്യൂട്ടേഷണൽ ബയോളജി ആന്റ് ബയോഇൻഫോർമാറ്റിക്സ്), അശ്വതി ഐ.എസ്. (ബയോകെമിസ്ട്രി), ജെസ്ബി ജോർജ് (ഫിസിക്സ്), ശ്രീല എസ്. (മലയാളം), സന്ധ്യ ജെ നായർ (ഹിസ്റ്ററി), നിത്യ ജി, ഷൈലജ എസ്. (തമിഴ്) എന്നിവർക്ക് പിഎച്ച്.ഡി. നൽകാൻ ഇന്ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു.

**തിരുവനന്തപുരം.**
12.01.2021

പബ്ലിക് റിലേഷൻസ് ഓഫീസർ